പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1957 25.03.2013 - ൽ മറുപടിയ്ക്ക്

# അനധികൃതമായി മരം മുറിച്ച സംഭവം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി ഗീതാ ഗോപി. | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |

(എ) തൃശ്ശൂർ ടൗണിൽ രാമനിലയം സ്റ്റേഡിയം റോഡിൽ പൊതു സ്ഥലത്ത് അനധികൃതമായി മരം മുറിച്ചതു സംബന്ധിച്ച എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതി നൽകിയത് ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(എ), (ബി), (സി) & (ഡി) തൃശ്ശൂർ ടൗണിൽ രാമനിലയം സ്റ്റേഡിയം റോഡിൽ പൊതു സ്ഥലത്തെ മരംമുറി നടന്നിട്ടുള്ളതായി അറിവായിട്ടില്ല. എന്നാൽ തൃശ്ശൂർ രാമനിലയത്തിനു മുൻവശം ഗേറ്റിനു സമീപമുള്ള ഒരു മദിരാശി മരം വേരുകൾ ഉപരിതലത്തിലേക്ക് പൊന്തി മതിലുകളിലും മറ്റും കേടുപാടുകൾ ഉണ്ടാക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ മുറിച്ചു മാറ്റപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനു പുറമേ തൃശ്ശൂർ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് സമീപമുള്ള ഒരു പൂമരത്തിന്റെ ചില്ലകൾ വെട്ടി മാറ്റിയിട്ടുണ്ട്. ഇതു സംബന്ധിച്ച് തൃശ്ശൂർ പ്രകൃതി സംരക്ഷണ പ്രവർത്തകർ 04.02.2013 ൽ തൃശ്ശൂർ ജില്ലാ കളക്ടർക്കും, ഫോറസ്റ്റ് കൺസർവേറ്റീവ് ആഫീസർക്കും പരാതി നൽകിയതിനെ തുടർന്ന് മരങ്ങളും മരച്ചില്ലകളും മുറിക്കുന്നതിന് തൃശ്ശൂർ ആർ.ഡി.ഒ. Stop Memo നൽകിയതായി അറിവായിട്ടുണ്ട്.

(ബി) ഇതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) അനധികൃത മരംമുറി നടന്നിട്ടുണ്ടോ; വിശദീകരിക്കാമോ;

(ഡി) അനധികൃതമായി മരംമുറിച്ചതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ?

സെക്ഷൻ ഓഫീസർ